# നർമ്മദയിലെ ജലസത്യാഗ്രഹം

**മധ്യപ്രദേശിലെ** കർദന, കാദവാർ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം 23ന് രാത്രി മുതൽ, നീണ്ട 17 ദിവസങ്ങൾ കഴുത്തറ്റം വെള്ളത്തിൽ മുങ്ങിനിന്ന് സത്യാഗ്രഹം ചെയ്യേണ്ടി വന്നു. നർമ്മദയിലെ എട്ടോളം ഡാമുകളിലെ വെള്ളം, മുന്നറിയിപ്പൊന്നും കൂടാതെ സർക്കാർ തുറന്ന് വിട്ടതിനെ തുടർന്ന് ഈ പ്രദേശങ്ങളിലെ മുന്നോറോളം വീടുകളും നൂറുകണക്കിന് ഏക്കർ വിളവെടുക്കാറായ കൃഷിസ്ഥലങ്ങളും വെള്ളത്തിനടിയിലായിരുന്നു. ഇതിനെ തുടർന്നാണ് ആദിവാസികൾ ഉൾപ്പെടെയുള്ള ജനങ്ങൾ തങ്ങളുടെ ജലസത്യാഗ്രഹം തുടങ്ങുവാൻ നിർബന്ധിതരായത്.

തങ്ങളുടെ കൃഷിയിടവും കിടപ്പാടവും സ്ഥിരമായി വെള്ളത്തിനടിയിലാക്കും വിധം, നർമ്മദ പദ്ധതിയിൽ ഉൾപ്പെട്ട ഓംകാരെശ്വർ ഡാമിലെയും ഇന്ദിരസാഗർ ഡാമിലേയും ജലനിരപ്പ് യഥാക്രമം 189മീറ്ററിൽ നിന്ന് 193മീറ്ററിലേക്കും, 260മീറ്ററിൽ നിന്ന് 262മീറ്ററിലേക്കും ഉയർത്തുവാനുള്ള സർക്കാർ നീക്കത്തെ എതിർക്കുക എന്നതും സമരത്തിന്റെ ലക്ഷ്യമായിരുന്നു. താൽക്കാലികമായിപ്പോലും യാതൊരുവിധ പദ്ധതികളാലും ബാധിക്കപ്പെടുകയില്ലെന്ന് വിവിധ കോടതികളിൽ സർക്കാർ തന്നെ ഉറപ്പുകൊടുത്ത ഗ്രാമങ്ങളിൽ ആണ് ഇപ്പോൾ ഇത്രയും തീവ്രമായ പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

നർമ്മദ ഡാമുകളുടെ നിർമ്മാണവുമായും ഡാമുകളിലെ ജലനിരപ്പ് ഉയർത്തുന്നതുമായും ബന്ധപ്പെട്ട്, പ്രശ്നബാധിത പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങൾക്കും അവരുടെ നഷ്ടപ്പെടുന്ന ഭൂമിക്ക് പകരം ഭൂമി തന്നെ നൽകണമെന്നും, അങ്ങനെ പദ്ധതി നടത്തിപ്പിന് ആറുമാസം മുൻപ് തന്നെ അവരെ പൂർണമായും പുനരധിവസിപ്പിക്കണമെന്നുമുള്ള സുപ്രീംകോടതി വിധി നിലവിലുണ്ട്. ഈ വിധിയെ ധിക്കരിച്ചും, സർക്കാരിൻറെ തന്നെ പ്രഖ്യാപിത പുനരധിവാസ നയത്തെ അവഗണിച്ചും കൊണ്ടാണ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ നേതൃത്വത്തിലുള്ള മധ്യപ്രദേശ് സർക്കാർ ജനങ്ങളെ വെള്ളത്തിൽ മുക്കി നാട് കടത്തുവാൻ പരിശ്രമിക്കുന്നത്. മന്ത്രിതലത്തിൽ നടന്ന ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് പോലീസിനെ ഉപയോഗിച്ച് സമരം അടിച്ചമർത്തുവാനുള്ള ശ്രമങ്ങളും നടന്നു. നീണ്ട കാലത്തെ സമരങ്ങളുടെ ഫലമായി മഹാരാഷ്ട്രയിലെയും, ഗുജറാത്തിലെയും 11000 കുടുംബങ്ങൾക്ക് തങ്ങളുടെ നഷ്ടപ്പെട്ട ഭൂമിക്ക് പകരമായി ഭൂമി ലഭിച്ചെങ്കിലും, മധ്യപ്രദേശ് സർക്കാരിൽ നിന്ന് സമാനമായ യാതൊരു നടപടിയും ഇന്നേവരെ ഉണ്ടായിട്ടില്ല. മധ്യപ്രേദേശിലെ പ്രധാന നർമ്മദപദ്ധതികളിൽ ഒന്നായ സർദാർ സരോവറിലെ പുനരധിവാസ പരിപാടികളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനാൽ, ആ പദ്ധതി തന്നെ പൂർണ്ണമായും നിറുത്തിവെച്ച് ജസ്റ്റിസ് ഝാ കമ്മീഷൻ അതിലെ അഴിമതികൾ അന്വേഷിക്കുകയാണ്.

**ജനകീയ പ്രസ്ഥാനങ്ങളുടെ**
**ദേശീയ സഖ്യം (എൻ.എ.പി.എം)**

**9ാം ദ്വൈവാർഷിക സമ്മേളനം**

2012 നവംബർ 17, 18, 19
തൃശൂർ സൽസബീൽ ഗ്രീൻ സ്കൂളിൽ

**വികസനം, രാഷ്ട്രീയം: ബദലുകൾ**

ബന്ധങ്ങൾക്ക്: മധുരേഷ് 09818995316,
പി.ടി.എം.ഹുസൈൻ 9447375279, ഷീല 09212587159

## പുസ്തകം കൈപ്പറ്റി



**ഒരു സാമൂഹിക കാഴ്ചപ്പാടിൽ നിന്ന്**
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കോളജിക്കൽ സ്റ്റഡീസ്, കോഴിക്കോട്
വില: 700 രൂപ,
പേജ്: 681




**പെൺവഴികൾ**
സമദ്
കറന്റ് ബുക്സ്, തൃശൂർ
വില: 145 രൂപ
പേജ്: 192

## കാർട്ടൂൺ

**വി.എസ്. ഗിരീശൻ**

